III ഇ.ബി. XII-കേരള നിയമസഭ /V-13

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂലായ് 11, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*391, *392, &*393) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) പ്രവാസി മലയാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി മറുപടി നൽകി.

(2) ജലത്തിന്റെ സംരക്ഷണവും വിനിയോഗവും വിതരണവും ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാനുതകുന്ന ഒരു ജലനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

## III. സബ്മിഷൻ

(1) മൂന്നാറിലെ ധന്യശ്രീ യാത്രിനിവാസ് ഹോട്ടൽ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(2) അൽബേനിയൻ ചരക്കുകപ്പൽ കൊച്ചി തുറമുഖത്ത് മുങ്ങിയതു മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) ഇരവിപുരം മുണ്ടക്കൽ തീരപ്രദേശത്ത് പുലിമുട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) 10-7-07-ന് എറണാകുളം-കോഴിക്കോട് ജില്ലകളിൽ നടത്തിയ ഏകദിന വിദ്യാർത്ഥി കണക്കെടുപ്പ് മറ്റൊരു ദിവസംകൂടി നടത്തണമെന്ന് ശ്രീ. യു.സി.രാമൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) P.V.I.P യുടെ പെരുമാത്രി F.C. കനാൽ കമ്മീഷൻ ചെയ്യേണ്ട തിന്റെയും അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ശ്രീ. സാജുപോൾ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(6) മാവേലിക്കര ഭാഗത്ത് രാത്രികാല പോലീസ് പട്രോളിംഗ് ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസുകളിൽ സൗജന്യയാത്ര നിലനിർത്തേണ്ടതു സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മറുപടി നൽകി..

(8) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യേണ്ടതു സംബന്ധിച്ച് ശ്രീ. ബി. രാഘവൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കേശവദാസപുരത്തെ ചൈതന്യ ആശുപത്രിയിൽ ചികിൽസപ്പിഴവുമൂലം ശ്രീജിത്ത് മരണപ്പെട്ടത് സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(10) FACT നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. എ. എം. യൂസഫ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(11) ഹോട്ടൽ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(12) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനെപ്പറ്റി ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(13) ജോബ് ചിറ്റിലപ്പിള്ളി വധക്കേസ് അന്വേഷണം ഊർജ്ജിതമാക്കണമെന്ന് ശ്രീ.തോമസ് ഉണ്ണിയാടൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) വൈരക്കൽ വ്യവസായം നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(15) പിന്നോക്ക വിഭാഗക്കാർക്ക് ബിരുദാനന്തര കോഴ്സുകൾക്ക് ഏർപ്പെടുത്തിയ സംവരണ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. പി.ടി.എ. റഹീം ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) K.F.C. യിലെ നിയമ വിരുദ്ധ നടപടികൾ സംബന്ധിച്ച് ശ്രീ. എം. എ. വാഹീദ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

## IV. റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V.പ്രത്യേക പരാമർശം

പി.ടി.എ. ഫണ്ട് ചെലവഴിക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ശ്രീ. കെ. ബാബുവിന്റെ പരാമർശത്തിനു താൻ നേരത്തേ നൽകിയ മറുപടിയിൽ ഖേദം പ്രകടിപ്പിക്കുന്നുവെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി അറിയിച്ചു.

## VI. ധനകാര്യം

<u>2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 742,42,05,000 രൂപയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,70,28,000 രൂപയും അനുവദിക്കണമെന്ന പ്രമേയം പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. എ. പി. അനിൽകുമാർ
2. ശ്രീ. ബി. രാഘവൻ
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. പള്ളിപ്രം ബാലൻ
5. ശ്രീ. റോഷി അഗസ്റ്റിൻ
6. ശ്രീ. കെ. പി. മോഹനൻ
7. ശ്രീ. മോൻസ് ജോസഫ്
8. ശ്രീ. കെ. സി. രാജഗോപാലൻ
9. ശ്രീ. കോവൂർ കുഞ്ഞുമോൻ
10. ശ്രീ. കെ. കെ. ഷാജു
11. ശ്രീ. എം. ഹംസ

12. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

13. ശ്രീ. യു. സി. രാമൻ

14. ശ്രീ. കെ. സി. കുഞ്ഞിരാമൻ

15. ശ്രീ. വി. ഡി. സതീശൻ

16. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

17. ശ്രീ. എൻ. രാജൻ

18. ശ്രീ. കെ. വി. കുഞ്ഞിരാമൻ

19. ശ്രീ. കെ. സി. ജോസഫ്

ധനാഭ്യർത്ഥന ചർച്ചയ്ക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 24-നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII.ക്രമപ്രശ്നം

പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് ഓർഡിനൻസ് കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതായി പത്ര വാർത്ത വന്നിട്ടുണ്ടെന്നും സഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ സഭ

യ്ക്ക് പുറത്ത് മന്ത്രി ഇത്തരമൊരു പ്രസ്താവന നടത്തിയത് ശരിയായില്ലെന്നും ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചു. പത്രത്തിൽ വന്ന വാർത്ത ശരിയല്ലെന്ന് ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു. സഭ നടന്നു കൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് കൊണ്ടുവരുമെന്ന് പുറത്ത് പ്രസ്താവന നടത്തുന്നത് ശരിയായ കീഴ്‌വഴക്കമല്ലെന്ന് ചെയർ റൂളിംഗ് നൽകി.

2007 ജൂലായ് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.05-ന് പിരിഞ്ഞു.